III ഇ.ബി. XII-കേരള നിയമസഭ /V-17

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

2007 ജൂലായ് 17, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**I. ചോദ്യങ്ങൾ**

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം (*511, *512, *513) സഭയിൽ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾ അടിയന്തിരപ്രമേയനോട്ടീസ് നൽകിയിരുന്ന പ്രശ്നം അടിയന്തിരപ്രമേയത്തിന്റെയോ സബ്മിഷന്റെയോ പരിധിയിൽ വരുന്നതല്ലെന്നും ഇത് ചർച്ച ചെയ്യേണ്ട ഒരു വിഷയമായി കരുതുന്നില്ലെന്നും എന്നാൽ ഒരു പ്രത്യേക വിഷയമായി എഴുതിത്തരിക യാണെങ്കിൽ സബ്മിഷനായി ഉന്നയിക്കാനുള്ള അവസരം നൽകാമെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു. അടിയന്തിരപ്രമേയം അവതരിപ്പിക്കാനുള്ള അവസരം നിഷേധിച്ച നടപടിയിൽ പ്രതിഷേധിച്ച്

പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരാകുകയും ചെയ്തു.

## II. ശ്രദ്ധ ക്ഷണിക്കൽ

(1) വ്യാജപട്ടയങ്ങളും റിയൽ എസ്റ്റേറ്റ് മാഫിയയുടെ പ്രവർത്തനങ്ങളുംമൂലം സംസ്ഥാനത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. പി. സി. ജോർജ് ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(2) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ അനുഭവിക്കുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. എ. പി. അനിൽ കുമാർ ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയും വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിയും മറുപടി നൽകി.

അടിയന്തിര പ്രമേയത്തിന് ആധാരമായ പ്രശ്നം ഉന്നയിക്കാൻ അവസരം നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനു മുൻപിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. തുടർന്ന് കാര്യവിവരപ്പട്ടികയിലെ അടുത്ത .നടപടിയിലേയ്ക്ക് കടക്കുന്നതായി ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

## III. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

കാലവർഷക്കെടുതിയും പ്രകൃതിക്ഷോഭവുംമൂലം സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ സംബന്ധിച്ച് റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് റവന്യൂ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## IV. **ധനകാര്യം**

2007-2008 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 146,73,17,000 രൂപ അനുവദിക്കണമെന്ന പ്രമേയം വ്യവസായ വകുപ്പുമന്ത്രിയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 27,84,02,000 രൂപ അനുവദിക്കണമെന്ന പ്രമേയം നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിയും അവതരിപ്പിക്കുകയും പ്രമേയങ്ങളെ റവന്യൂ വകുപ്പുമന്ത്രി പിന്താങ്ങുകയും ചെയ്തു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**2007** ജൂലായ് മാസം 18-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10-20-ന് പിരിഞ്ഞു.